"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്ക് ഇലഞ്ഞി വില്ലേജിൽ എസ്.സി.കുടിവെള്ള പദ്ധതിയ്ക്കായി സർവേ നം.65/4-Bൽ ഉൾപ്പെട്ട 01.82 ആർസ് ഭൂമി പരിവർത്തനം ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(കൈ) നം.133/2025/AGRI തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:- 1. പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോം.നം.2 അപേക്ഷ ഉള്ളടക്കം ചെയ്ത ഇലഞ്ഞി കൃഷി ഓഫീസറുടെ 02.06.2025-ലെ കെ.ബി.ഇ.ജെ.ഐ/13/2025 നമ്പർ കത്ത്.

2. 19.09.2025-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്ക് ഇലഞ്ഞി വില്ലേജിൽ എസ്.സി. കുടിവെള്ള പദ്ധതിയ്ക്കായി സർവേ നം.65/4-Bൽ ഉൾപ്പെട്ട 01 ആർസ് 82 ച.മീ. ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതിയ്ക്കായി പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 19.09.2025-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

"എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്ക് ഇലഞ്ഞി വില്ലേജിൽ എസ്.സി.കുടിവെള്ള പദ്ധതിയ്ക്കായി (MPLADS-2024-25 മുത്തോലപുരം വെട്ടിയോടി പുളിങ്കുന്നുമല കുടിവെള്ള പദ്ധതി) കുളം നിർമ്മിക്കുന്നതിന് സർവേ നം.65/4-Bൽ ഉൾപ്പെട്ട 01 ആർസ് 82 ച.മീ. നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുമതിയ്ക്കായി പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ സമിതി വിശദമായി പരിശോധിച്ചു. ചേർന്നുള്ള നെൽവയൽ തരം മാറ്റാതെ സംരക്ഷിച്ചുകൊണ്ടും, കുളം ഒരു ജലസംരക്ഷണ പ്രവർത്തനമായതിനാലും പൊതു ആവശ്യത്തിനായി തരം മാറ്റം നടത്തുന്നതിന് കൃഷി ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്. ഡാറ്റാ ബാങ്കിൽ നിലനിർത്തി പൊതു ആവശ്യത്തിന് നിലം പരിവർത്തനപ്പെടുത്തുന്നതിന് അനുവദിക്കുന്നതിന് പ്രാദേശികതല സമിതിയും ശുപാർശ ചെയ്തിട്ടുണ്ട്. പ്രദേശത്തെ കുടിവെള്ളക്ഷാമവും പൊതു ആവശ്യവും പരിഗണിച്ചും, കുളം ഒരു ജലസംരക്ഷണ പ്രവർത്തനമായതിന്റെ അടിസ്ഥാനത്തിലും ചേർന്നുള്ള നെൽവയൽ തരം മാറ്റാതെ സംരക്ഷിച്ചുകൊണ്ടും പദ്ധതി നടപ്പിലാക്കേണ്ടതാണെന്ന വ്യവസ്ഥയിൽ പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് എറണാകുളം ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. പ്രസ്തുത ഭൂമിയോട് ചേർന്നുള്ള നെൽവയൽ തരം മാറ്റാതെ സംരക്ഷിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്ക് ഇലഞ്ഞി വില്ലേജിൽ എസ്.സി. കുടിവെള്ള പദ്ധതിയ്ക്കായി (MPLADS-2024-25 മുത്തോലപുരം വെട്ടിയോടി പുളിങ്കുന്നുമല കുടിവെള്ള പദ്ധതി) കുളം നിർമ്മിക്കുന്നതിന് സർവേ നം.65/4-Bൽ ഉൾപ്പെട്ട 01.82 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് എറണാകുളം ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡിഷണൽ സെക്രട്ടറി

(1) സെക്രട്ടറി, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം.
(2) ലാന്റ് റവന്യൂ കമീഷണർ, തിരുവനന്തപുരം.
(3) ജില്ല കളക്ടർ, എറണാകുളം.
(4) റവന്യൂ ഡിവിഷണൽ ഓഫിസർ, എറണാകുളം.
(5) ഡോ.പി.ഒ.നമീർ, ഡീൻ,കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
(6) ഡോ.അനു.ജി.കൃഷ്ണൻ, പ്രൊഫസർ, ഹോർട്ടികൾച്ചർ, റിജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ, കുമരകം, കോട്ടയം.
(7) പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, എറണാകുളം.
(8) കൃഷി ഓഫീസർ, കൃഷി ഭവൻ ഇലഞ്ഞി, എറണാകുളം.
(9) വില്ലേജ് ഓഫീസർ, ഇലഞ്ഞി, എറണാകുളം.
(10) വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
(11) കരുതൽ ഫയൽ ഓഫിസ് പകർപ്പ് (ഫയൽ നം.NCA2/135/2025-AGRI)

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 26-12-2025 11:36:28

പകർപ്പ്:-
(1) കൃഷി വകുപ്പ് മന്ത്രിയുടെ പി എസ്.
(2) കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.